കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## തുറവൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി2-22/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

തീയതി. 17.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തുറവൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തുറവൂർ ഗ്രാമ പഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2, 2-3, 2-4, 2-5, 2-6 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-11, 3-14, 3-15 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി2-22/2017 തിയതി: 17.01.2017

# ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.01.2016 മുതൽ 30.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24-12-2016മുതൽ 05-01-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീ. എസ്. സുരേഷ്, ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. വി.കെ പുഷ്പരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. റ്റി.രാജേഷ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. രാജേശ്വരി | 01-04-2015 മുതൽ 31-10-2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീമതി .അനിത സോമൻ | 19.11.2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ. പി.വി മണിയപ്പൻ | 01-04-15 മുതൽ 16-08-15 വരെ |
| | ശ്രീ. കെ.എസ്.ലാൽജി | 17-08-15 മുതൽ 31-03-16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. അജിതകുമാരി | 01-04-15 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സൗമ്യ. പി.കെ | 01-04-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ, PHC | ശ്രീമതി. നീന ചന്ദ്രൻ | 01-04-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ , ആയുർവേദം | ഡോ. സിമി രവീന്ദ്രൻ | 01-04-15 മുതൽ 31-03-16 വരെ |
| വെറ്റിറനറി സർജൻ | ഡോ. സംഗീത് നാരായണൻ | 01-04-15 മുതൽ 31-03-16 വരെ |
| ഡയറി ഫാം ഇൻസ്പക്ടർ | ശ്രീമതി. ഷിൻഡ്യ | 01-04-15 മുതൽ 31-03-16 വരെ |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, ഇറവൂർ | ശ്രീമതി. മഹിളാമണി | 01-04-15 മുതൽ 31-03-16 വരെ |
| വി. ഇ.ഒ, മനക്കോടം | ശ്രീമതി. കെ. ഡി. മുത്തുമണി | 01-04-15 മുതൽ 31-03-16 വരെ |
| വി. ഇ.ഒ, ഇറവൂർ | ശ്രീ. അരുൺ. ആർ | 01-04-15 മുതൽ 31-03-16 വരെ |
| അസി.എഞ്ചിനിയർ | ശ്രീ. ദിലീഷ്. എൻ.ഡി | 01-04-15 മുതൽ 31-03-16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. പി.സി. വൽസലാമ്മ | 01-04-15 മുതൽ 31-03-16 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. സീതാലക്ഷ്മി | 01-04-15 മുതൽ 31-03-16 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |

| | | |
|---|---|---|
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം. |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം – 2 | | |
| 12 | 2-1 | തുറവൂർ എസ്.എൻ.ജി.എം. സ്വകാര്യ കോളേജ് - വിവിധ കെട്ടിടങ്ങൾക്ക് വർഷങ്ങളായി നികുതി നിർണ്ണയിച്ചിട്ടില്ല |
| 13 | 2-2 | അനധികൃതകെട്ടിടങ്ങൾ - വസ്തുനികുതി ഈടാക്കിയിട്ടില്ല. |
| 14 | 2-3 | പരസ്യനികുതി ഈടാക്കുന്നില്ല |
| 15 | 2-4 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല |
| 16 | 2-5 | ഡി & ഓ ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല |
| 17 | 2-6 | പടക്കനിർമ്മാണശാലകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 18 | 2-7 | ബിൽഡിംഗ് പെർമിറ്റ് |
| 19 | 2-8 | തൊഴിൽ നികുതി പിരിവ് - ന്യൂനതകൾ സംബന്ധിച്ച്. |
| ഭാഗം – 3 | | |
| 20 | 3-1 | പാലിയേറ്റീവ് പരിചരണം - ഹോം കെയർ വിസിറ്റ് നടത്തിയിട്ടില്ലാത്ത ദിവസങ്ങളിൽ വാഹന വാടകയും ഭക്ഷണച്ചെലവും അനുവദിച്ചു |
| 21 | 3-2 | കാലി വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നു |
| 22 | 3-3 | ബിറ്റുമിന്റെ വിപണി വില വ്യത്യാസം കുറവ് ചെയ്യാതിരുന്നത് അധികച്ചെലവിനിടയാക്കി. |
| 23 | 3-4 | ഉയർന്ന നിരക്ക് അനുവദിച്ചതു വഴി നഷ്ടം - 1229/- രൂപ |
| 24 | 3-5 | ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയിൽ ക്ലിപ്തപ്പെടുത്തി നൽകിയില്ല |
| 25 | 3-6 | IHDP കോളനി റോഡ് നിർമ്മാണം - പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്തില്ല |
| 26 | 3-7 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത കുളത്തിന് ചുറ്റുമതിൽ നിർമ്മിച്ചു. |
| 27 | 3-8 | തനത് ഫണ്ട് വൗച്ചർ പരിശോധന – അപാകതകൾ |
| 28 | 3-9 | ആശുപത്രിക്ക് മരുന്നുവാങ്ങൽ |
| 29 | 3-10 | സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ രേഖകൾ ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. |

| | | |
|---|---|---|
| 30 | 3-11 | വൈദ്യുതി ചാർജ് തെറ്റായി നിർണയിക്കുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് നഷ്ടം |
| 31 | 3-12 | തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയില്ല- അധികച്ചെലവ്. |
| ഭാഗം – 4 | | |
| 32 | 4-1 | വാർഷിക കണക്ക് പരിശോധന - അപാകതകൾ |
| 33 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 34 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 35 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 36 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 37 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 38 | 4-7 | ഓഡിറ്റ് റിക്കവറി |
| 39 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 40 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 41 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 42 | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27-03-15 തിയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | അക്കൗണ്ട്സ് പ്രകാരം |
|---|---|---|
| വരവ് | 11,28,07,600 | 45246736 |
| ചെലവ് | 11,53,17,000 | 62988245 |

ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 14.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34818294 |

| | |
|---|---|
| വരവ് | 45246736 |
| ആകെ | 80065030 |
| ചെലവ് | 62988245 |
| നീക്കിയിരിപ്പ് | 17076785 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ടി സി ചെയ്ത് ലഭിച്ച തുക | തൻവർഷ അലോട്ട് മെന്റ് | അലോട്ട് മെന്റിൽ നിന്നും പിൻ വലിച്ച തുക | ആകെ | ചെലവ് | ടി.സി ചെയ്ത് നൽകിയ തുക | സർക്കാരി ലേക്ക് തിരിച്ചടച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 (2+3+5) | 7 | 8 | 9 | 10 |
| വികസനഫണ്ട് പൊതുവിഭാഗം | 2782297 | 12925227 | 14529079 | 2406969 | 18114493 | 14659029 | 0 | 3455464 | 0 |
| വികസനഫണ്ട് എസ്.സി.പി. | 5002740 | 0 | 5943655 | 7745456 | 12748196 | 9531136 | 3217060 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 573440 | 152946 | 1513000 | 97888 | 824274 | 824274 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4333009 | 0 | 3591000 | 486311 | 4819320 | 4666374 | 152946 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5153155 | 0 | 5943655 | 10876330 | 16029485 | 9983379 | 6046106 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4683024 | 0 | 3662061 | 3352245 | 8035269 | 4373208 | 3662061 | 0 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 120049 | 0 | 664365 | 39524000 | 40308414 | 40307023 | 0 | 0 | 1391 |
| ബി ഫണ്ട് | 0 | 0 | 0 | 25113202 | 25113202 | 25113202 | 0 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 167 | 60387282 | 167 | 46440252 | 10 | 0 | 157 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 3703354 | 4236943 | 533589 | (+) 14.4 |
| നികുതിയേതര വരവുകൾ | 425334 | 407190 | (-) 18144 | (-) 4.2 |
| മറ്റുവരവുകൾ | 57803 | 86456 | 28653 | (+) 49.57 |
| ആകെ | 4186491 | 4730589 | 544098 | 13 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 962640 | 625 |
| കർഷകതൊഴിലാളി പെൻഷൻ | 4602570 | 570 |
| വിധവാപെൻഷൻ | 6914640 | 690 |
| വാർദ്ധക്യകാലപെൻഷൻ | 5669970 | 995 |
| വികലാംഗപെൻഷൻ | 3556925 | 359 |
| വിവാഹ ധനസഹായം | 330000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന28-12-16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31428/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും പരസ്യ നികുതിയുമായി ബന്ധപ്പെട്ട ബൈലോ അംഗീകരിച്ചു ലഭിക്കാത്തതിനാലും വരുമാന നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-12-2016 | നവംബർ 2016 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-05-13 | 2011-12 | 04-06-2012 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തുറവൂർ എസ്.എൻ.ജി.എം. സ്വകാര്യ കോളേജ് - വിവിധ കെട്ടിടങ്ങൾക്ക് വർഷങ്ങളായി നികുതി നിർണ്ണയിച്ചിട്ടില്ല

താഴെ പറയുന്ന കെട്ടിടങ്ങൾക്ക് 2004-05 വർഷം കെട്ടിട നമ്പർ നൽകിയിട്ടുള്ളതാണ്. എന്നാൽ ഇവയുടെ വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നില്ല.

| ക്രമ നം | കെട്ടിട നം | കെട്ടിടയുടമസ്ഥന്റെ പേരും വിലാസവും | കെട്ടിടത്തിന്റെ വിവരണം |
|---|---|---|---|
| 1 | 3/261D | മാനേജർ, എസ്.എൻ.ജി.എം.<br>ബി.എഡ് കോളേജ്,<br>തുറവൂർ | 2 നില കോൺക്രീറ്റ് കെട്ടിടം,<br>26 മുറികൾ |
| 2 | 3/261 E | മാനേജർ, എസ്.എൻ.ജി.എം. ഐ.റ്റി.ഐ | മൂന്ന് നില, രണ്ട് നില വാർക്കൽ, മുകളിൽ ഷീറ്റ്, 14 മുറികൾ |
| 3 | 3/261 F | മാനേജർ, എസ്.എൻ.ജി.എം. പോളിടെക്നിക്ക് ഫോർ ഹോട്ടൽ മാനേജ്മെന്റ് | രണ്ട് നില 15 മുറികൾ |
| 4 | 3/261 G | മാനേജർ, എസ്.എൻ.ജി.എം.<br>ഫാർമസി കോളേജ് | രണ്ട് നില,10മുറികൾ |
| 5 | 3/261 H | മാനേജർ, എസ്.എൻ.ജി.എം. സെൻട്രൽ സ്കൂൾ | നാല് നില, 32മുറികൾ |
| 6 | 3/261 I | മാനേജർ,എസ്.എൻ.ജി.എം.<br>കോളേജ് ഹോസ്റ്റൽ | രണ്ട് നില,20 മുറികൾ |
| 7 | 3/261 J | മാനേജർ,എസ്.എൻ.ജി.എം.<br>കോളേജ് ഹോസ്റ്റൽ | രണ്ട് നില,20 മുറികൾ |
| 8 | 3/261 K | മാനേജർ, എസ്.എൻ.ജി.എം. സെൻട്രൽ സ്കൂൾ | രണ്ട് നില |
| 9 | 3/261 L | മാനേജർ, എസ്.എൻ.ജി.എം. സെൻട്രൽ സ്കൂൾ | രണ്ട് നില |
| 10 | 3/261 M | മാനേജർ.എസ്.എൻ,ജി.എം. സെൻട്രൽ സ്കൂൾ | മൂന്ന് നില |

| | | | |
|---|---|---|---|
| 11 | 3/261 N | മാനേജർ, എസ്.എൻ.ജി.എം. സെൻട്രൽ സ്കൂൾ | രണ്ട് നില |
| 12 | 3/261 O | മാനേജർ, എസ്.എൻ.ജി.എം. സെൻട്രൽ സ്കൂൾ | രണ്ട് നില |

മേൽ പറഞ്ഞ കെട്ടിടങ്ങളുടെ വസ്തു നികുതി അസ്സസ് ചെയ്യാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ 4ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കെട്ടിട നികുതി അസസ്സ് ചെയ്ത് ഈടാക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്.

## 2-2 അനധികൃതകെട്ടിടങ്ങൾ - വസ്തുനികുതി ഈടാക്കിയിട്ടില്ല.

അനധികൃതകെട്ടിടങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അനധികൃതകെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. നിർമ്മാണം പൂർത്തികരിച്ച തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടങ്ങൾ നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും ആയതിന്റെ രണ്ടിരട്ടി തുകയും ചേർന്നുള്ള തുക പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എ എ പ്രകാരം ഈടാക്കേണ്ടതാണ്.

| ക്രമ നം | കെട്ടിടനമ്പർ | കെട്ടിടയുടമയുടെ പേരും വിലാസവും |
|---|---|---|
| 1 | 4/377 A | ശ്യാമള, പുനക്കൽ കുന്നേൽ, വളമംഗലം |
| 2 | 10/318 A | ജോൺപോൾ, അറയ്ക്കൽ, പള്ളിത്തോട് |
| 3 | 11/64 A | വിപിൻ എന്ന യേശുദാസ്, പുത്തൻവീട്ടിൽ, പള്ളിത്തോട് |
| 4 | 1/264 A | പോൾ, പുനക്കൽ, പള്ളിത്തോട് |
| 5 | 15/156 A | ബീനമ്മ, കോയമ്മപ്പറമ്പ്, തുറവൂർ |
| 6 | 9/287 A | ഷീല ആൻറണി, പള്ളിക്കേപറമ്പിൽ, തിരുമലഭാഗം |
| 7 | 9/35 A | ശ്രീനാഥ് &നീതു, മുക്കടിത്തറ, തിരുമലഭാഗം |
| 8 | 10/276 B | ജോസഫ്, കുന്നേൽ, പള്ളിത്തോട് |
| 9 | 10/325 B | ഫിലിപ്പ്, അറയ്ക്കൽ, പള്ളിത്തോട് |

വസ്തു നികുതി ഈടാക്കാതിരുന്നതിന്റെ കാരണം അന്വേഷിച്ച് നൽകിയ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ക്രമ നമ്പർ 6മുതൽ 9 വരെയുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് സ്വന്തം പേരിൽ സ്ഥലമില്ലാത്തതിനാലാണ് സർക്കാർ ഉത്തരവ് (എം.എസ്സ്) 211/2012 തസ്വഭവ പ്രകാരം അനധികൃത നമ്പർ നൽകിയതെന്നും, മറ്റുള്ളവരിൽ നിന്ന് കെട്ടിടനികുതി ചുമത്തി ആയതിന്റെ രണ്ടിരട്ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ എല്ലാ അനധികൃത കെട്ടിട ഉടമകളിൽ നിന്നും പഞ്ചായത്ത് രാജ് ആക്ട് 235 എഎ പ്രകാരം നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 പരസ്യനികുതി ഈടാക്കുന്നില്ല

ദേശീയ പാതയ്ക്ക് ഇരുവശങ്ങളിലായി സ്ഥിതി ചെയ്യുന്ന പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ നിരവധി പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും പരസ്യനികുതിയിനത്തിൽ പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിച്ചതായി

കാണുന്നില്ല.പരസ്യനികുതി ഈടാക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പരസ്യനികുതി ബൈലോ അംഗീകാരത്തിനായി പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. ബൈലോയ്ക്ക് എത്രയും വേഗം അംഗീകാരം വാങ്ങി നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പ്രദേശത്ത് നിരവധി മൊബൈൽ ടവറുകൾ സ്ഥിതി ചെയ്യുന്നുണ്ടെങ്കിലും ഇവയുടെ വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല. മൊബൈൽ ടവറുകൾ അസ്സസ് ചെയ്ത് നികുതി ഈടാക്കാത്തതിന് കാരണം അന്വേഷിച്ച് നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളുടെ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 ഡി & ഓ ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിലെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 കാലയളവിൽ അപേക്ഷ സമർപ്പിച്ച 241 പേരെ മാത്രം ഉൾക്കൊള്ളിച്ച ട്രേഡേഴ്സ് ലിസ്റ്റാണ് ഉള്ളത്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-6 പടക്കനിർമ്മാണശാലകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

എ) പഞ്ചായത്ത് പരിധിയിൽ നിരവധി പടക്കനിർമ്മാണശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പത്ത് പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. 1996ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ 232-ാം വകുപ്പ് പ്രകാരം മനുഷ്യരുടെ ജീവനോ, അരോഗ്യത്തിനോ അസഹ്യമോ ആപൽക്കരമോ ആകാനിടയുള്ള സംഗതികളിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. ആയതിനാൽ അടിയന്തിരമായി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) ഒരാളുടെ മരണത്തിനിടയാക്കിയ സൂര്യ ടയർ വർക്കസ് എന്ന സ്ഥാപനത്തിന് ലൈസൻസ് നൽകേണ്ടയെന്ന് 23/12/2015ലെ പഞ്ചായത്ത് കമ്മറ്റി (തീരുമാനം നം.iv) തീരുമാനമെടുത്തെങ്കിലും ഇപ്പോഴും ഈ സ്ഥാപനം പ്രവർത്തിക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് നിലവിൽ കേസ്സുള്ളതാണെന്നും നിലവിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നില്ലായെന്നുമാണ് വിശദീകരിച്ചത്. എന്നാൽ നേരിട്ടുള്ള അന്വേഷണത്തിൽ ഈ സ്ഥാപനം ഇപ്പോഴും പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. കേസ്സിന്റെ അന്തിമവിധി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ബിൽഡിംഗ് പെർമിറ്റ്

കുഞ്ഞപ്പൻ, ചിൻമാരിച്ചിറ എന്നയാൾ 138.4 $m^2$ വിസ്തീർണമുള്ള വീട് നിർമ്മിക്കുന്നതിന് പ്ലാൻ സമർപ്പിച്ച തനുസരിച്ച് c-3/9266/15 -ാം നമ്പറായി പെർമിറ്റ് നൽകിയിരുന്നു. ഇതിന് പെർമിറ്റ് ഫീസായി 216/- (1150302529/21-12-15) രൂപയാണ് ഈടാക്കിയിരിക്കുന്നത്. ഈടാക്കേണ്ടിയിരുന്നത് 416/- (138.4x3) രൂപയാണ്. കുറവ് വന്ന 200/- രൂപ ടിയാനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-8 തൊഴിൽ നികുതി പിരിവ് - ന്യൂനതകൾ സംബന്ധിച്ച്.

2015-16 ലെ തൊഴിൽ നികുതി സംബന്ധമായ അർദ്ധ വാർഷിക വരുമാന പത്രികകൾ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

എ) ഇറവൂർ ദേവസ്വത്തിലെ താഴെപ്പറയുന്ന ജീവനക്കാരുടെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയപ്പോൾ (രസീത് നം. 11503102448, തീയതി 14.12.2015) അർദ്ധ വാർഷിക വരുമാനത്തിന് അനുസൃതമായ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | ദാമോദരൻ മൂസത്, കാരായ്മ | 16800x6=100800 | 1000 | 750 | 250 |
| 2 | രമേശൻ മൂസത്, കാരായ്മ | 16800x6=100800 | 1000 | 750 | 250 |
| 3 | പി.വിജയകുമാർ, കഴകം | 16800x6=100800 | 1000 | 750 | 250 |
| 4 | എം.എൻ.ഗോപിനാഥ്, സംബന്ധി | 22776x6=136656 | 1250 | 1000 | 250 |
| 5 | എസ്.ജി.അരുൺ മാരാർ, സംബന്ധി | 22364x6=134184 | 1250 | 1000 | 250 |
| 6 | പി.എൻ.ബാബുരാജ്, വാച്ചർ | 21878x6=131268 | 1250 | 1000 | 250 |
| | ആകെ | | | | 1500 |

ബി) മുൻ വർഷങ്ങളിൽ നികുതി ഈടാക്കിയിട്ടുള്ള ത്രിനേത്ര സൂപ്പർ റീട്ടെയിൽ ലിമിറ്റഡ്, ഇറവൂർ എന്ന സ്ഥാപനത്തിൽ നിന്നും 2015-16 -ൽ സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

ആദിത്യ ബിർല ഗ്രൂപ്പിന്റെ റീട്ടെയിൽ ശൃംഖലയായ ഇറവൂരിലെ മോർ വെയർ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും 2015-16 -ലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. തുകകൾ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുകകൾ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.1 തീയതി.28.12.2016) മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പാലിയേറ്റീവ് പരിചരണം - ഹോം കെയർ വിസിറ്റ് നടത്തിയിട്ടില്ലാത്ത ദിവസങ്ങളിൽ വാഹന വാടകയും ഭക്ഷണച്ചെലവും അനുവദിച്ചു

പ്രോജക്റ്റ് നമ്പർ – S0023/16

നിർവ്വഹണം – മെഡിക്കൽ ഓഫീസർ , PHC ഇറവൂർ

ചെലവു വിവരം – ബിൽ നം. 4/15-16, തീയതി – 29-03-16, 176800/- രൂപ

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായുള്ള ഹോം കെയർ സന്ദർശനത്തിന് KL -32/ 6535 നമ്പർ വാഹനമാണ് വാടകയ്ക്ക് എടുത്തിരിക്കുന്നത്. പാലിയേറ്റിവ് നേഴ്സ് എഴുതി സൂക്ഷിച്ച പോരുന്ന ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന ദിവസങ്ങളിൽ ഹോം കെയർ വിസിറ്റ് നടത്തിയിട്ടില്ല. എന്നാൽ ടി ദിവസങ്ങളിൽ വാഹനം ഉപയോഗിച്ചതായി കാണിച്ച് വാഹന വാടകയിനത്തിലും ഹോംകെയർ ടീമിന് ഭക്ഷണം നൽകിയതായി ഹോട്ടൽ ദാമോദരയുടെ ബിൽ ഹാജരാക്കി ഭക്ഷണച്ചെലവിനത്തിലും തുക പിൻവലിച്ചിട്ടുണ്ട്.വിശദാംശം ചുവടെ കൊടുക്കുന്നു.

| തീയതി | വാഹന വാടക | ഭക്ഷണച്ചെലവ് | ഹോട്ടൽ ദാമോദരയുടെ ബിൽ നമ്പർ |
|---|---|---|---|
| 13-04-15 | 1000/- | 300/- | 806/13-04-15 |
| 21-04-15 | 1000/- | 300/- | 808/21-04-15 |
| 27-04-15 | 1000/- | 300/- | 811/27-04-15 |
| 05-05-15 | 1000/- | 300/- | 813/05-05-15 |
| 11-05-15 | 1000/- | 300/- | 816/11-05-15 |
| 19-05-15 | 1000/- | 300/- | 818/19-05-15 |
| 26-05-15 | 1000/- | 300/- | 821/26-05-15 |
| 08-06-15 | 1000/- | 300/- | 825/08-06-15 |
| 16-06-15 | 1000/- | 300/- | 827/16-06-15 |
| 23-06-15 | 1000/- | 300/- | 831/23-06-15 |
| 30--06-15 | 1000/- | 300/- | 833/30--06-15 |
| 07-07-15 | 1000/- | 300/- | 836/07-07-15 |
| 21-07-15 | 1000/- | 300/- | 839/21-07-15 |
| 28-07-15 | 1000/- | 300/- | 842/28-07-15 |
| 26-08-15 | 1000/- | 300/- | 855/26-08-15 |
| ആകെ | 15000/- | 4500/- | |

ഹോം കെയർ വിസിറ്റ് നടത്തിയിട്ടില്ലാത്ത ദിവസങ്ങളിൽ അനുവദിച്ച 19500/- (15000 + 4500) രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-2 കാലി വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നു

2015-16 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം ചെയ്ത ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയാണ് നിരക്ക് അനുവദിച്ചിരിക്കുന്നത്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി / കൺവീനറുടെ പേര് | ടാറിംഗ് ചെയ്ത വിസ്തീർണം/ അളവു പുസ്തകം | ആവശ്യ മായ ബിറ്റുമിൻ കി.ഗ്രാം | വീപ്പയുടെ എണ്ണം / ബിൽ നം | ഈടാക്കേ ണ്ടിയിരുന്ന വീപ്പയുടെ വില @250 | ചെലവു വിവരം ബിൽ നം. / ഡി.ഡി നം |
|---|---|---|---|---|---|---|

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 1 | കളരിക്കൽ -ചേനപ്പറമ്പ് മെറ്റലിംഗും ടാറിംഗും<br>ജയേഷ് | 579 $m^2$<br>41/15-16 | 1713 | 11<br>sidco<br>15934/<br>18-03-16 | 2750 | 56/15-16/<br>30-03-16 |
| 2 | കൈത്തറി സംഘം - തോടയിൽ റോഡ് മെറ്റലിംഗും ടാറിംഗും<br>ബാലു .പി<br>(SOR2012) | 546 $m^2$<br>34/2014-15 | 1589 | 10<br>sidco<br>11429/<br>14-11-15 | 2500 | 23/15-16 /<br>30-11-15 |
| 3 | വലിയകുളം - അറക്കൽ റോഡ് ടാറിംഗ്<br>രതി | 508.56 $m^2$<br>25/15-16 | 1506 | 10<br>sidco<br>12901/<br>20-01-16 | 2500 | 197432/<br>01-02-16 |
| 4 | വല്യാറ -പൂനിലം റോഡ് മെറ്റലിംഗും ടാറിംഗും<br>ശശിധരൻ | 444$m^2$<br>33/15-16 | 1315 | 9<br>sidco<br>16250/<br>28-03-16 | 2250 | 57/15-16/<br>30-03-16 |
| 5 | SC ഓഡിറ്റോറിയം റോഡ് മെറ്റലിംഗും ടാറിംഗും<br>മോഹനൻ | 372 $m^2$<br>10/15-16 | 1102 | 7<br>sidco<br>12667/<br>1401-16 | 1750 | 198523/<br>19-03-16 |
| 6 | മുതുകേൽ -മൂലക്കളം റോഡ് മെറ്റലിംഗും ടാറിംഗും<br>വരദകുമാർ (കരാറുകാരൻ) | 897 $m^2$<br>54/15-16 | 2656 | 17<br>ബിൽ നം ലഭ്യമാക്കിയില്ല | 4250 | 55/15-16/<br>30-03-16 |
| 7 | ഇല്ലിക്കൽ - പ്രതിഭ റോഡ് മെറ്റലിംഗും ടാറിംഗും<br>പ്രശാന്ത് | 588 $m^2$<br>2 (a)/15-16 | 1741 | 11<br>sidco<br>12669/<br>14-01-16 | 2750 | 198520/<br>19-03-16 |
| 8 | NH – പള്ളിക്കീഴ് മന റോഡ് മെറ്റലിംഗും ടാറിംഗും<br>മുരളീധരൻ | 433.34 $m^2$<br>34/15-16<br>34(a)/15-16 | 1283 | 8<br>sidco<br>12670/<br>14-01-16 | 2000 | 199146/<br>29-03-16 |
| 9 | കോളശ്ശേരി – മുട്ടപുറം റോഡ് മെറ്റലിംഗും ടാറിംഗും<br>വാസു | 389.30 $m^2$<br>44/15-16 | 1153 | 8<br>sidco<br>13283/<br>31-01-16 | 2000 | 62/15-16/<br>30-03-16 |

| | | | | | | |
|---|---|---|---|---|---|---|
| 10 | കുഞ്ഞാലിക്കൽ- പരമ്പരപള്ളി റോഡ് മെറ്റലിംഗും ടാറിംഗും<br>ഷാജി കെ.പി | 630 $m^2$<br>18/15-16<br>18(a)/15-16 | 1865 | 12<br>sidco 15952/ 16-03-16 | 3000 | 49/15-16/ 22-03-16 |
| 11 | ആലക്കാപറമ്പ് റോഡ് റീടാറിംഗ്<br>രജിത്<br>SOR 2012 | 1139.38 $m^2$<br>pot hole filling<br>33/2014-15 | 3230 | 20<br>sidco 11428/ 14-11-15 | 5000 | 197433/ 01-02-16 19966/- രൂപ<br>197434/ 01-02-16 165243/-രൂപ |
| 12 | പുതിയ നികർത്ത് റോഡ് ടാറിംഗ് | 480 $m^2$<br>15/2015-16 | 1421 | 9<br>SIDCO 12668/ 14-01-16 | 2250 | 198519/ 19-03-16 184184/- രൂപ |
| | ആകെ | | | | 33000 | |

കാലി വീപ്പയുടെ വില ഈടാക്കാതിരുന്നത് വഴി നഷ്ടമായ 33000/- രൂപ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

## 3-3 ബിറ്റുമിന്റെ വിപണി വില വ്യത്യാസം കുറവ് ചെയ്യാതിരുന്നത് അധികച്ചെലവിനിടയാക്കി.

കൺവീനർമാർ ചെയ്ത ടാറിംഗ് പ്രവൃത്തികളുടെ ചെലവു കണക്കുകൾ പരിശോധിച്ചതിൽ ബിറ്റുമിൻ വാങ്ങിയതിന് വന്ന ചെലവ് കിലോഗ്രാമിന് 31.30, 37/-, 34/- എന്നിങ്ങനെയാണ്. മാർക്കറ്റിൽ ബിറ്റുമിന് കുറഞ്ഞ വില മാത്രമുള്ളപ്പോൾ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഒരു കിലോഗ്രാമിന് 73.831രൂപ നിരക്കിൽ തുക അനുവദിച്ചു.

(1) നിരക്കിലെ വ്യത്യാസം (അധികം ) - 73.831 – 31.30 = 42.531

(2) നിരക്കിലെ വ്യത്യാസം (അധികം ) - 73.831- 34 = 39.831/ kg

(3) നിരക്കിലെ വ്യത്യാസം (അധികം ) SOR - 44.59 – 37 =7.59 /kg

മേൽപ്പറഞ്ഞ വിധമുള്ള വില വ്യത്യാസം കുറവ് ചെയ്യാതിരുന്നത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി / കൺവീനർ പേര് | ടാറിംഗ് ചെയ്ത വിസ്തീർണം/ അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ കി.ഗ്രാം കോളം(2) x 2.96 | ബിറ്റുമിന് (161.8kg VG10 ബാരലിന്) കൺവീനർക്ക് ചെലവായ തുക | അധികം നൽകാനിടയായ തുക | ചെലവു വിവരം ബിൽ നം / ഡി.ഡി നം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | കളരിക്കൽ - ചേനപ്പറമ്പ് മെറ്റലിംഗും ടാറിംഗും<br>കൺവീനർ -ജയേഷ് | 579 $m^2$<br>41/15-16 | 1713<br>(11 ബാരൽ) 126472 | 55702/-<br>(@ 31.30/ kg) | 72855/-<br>(1713 x 42.531) | 56/15-16 തീയതി 30-03-16 |
| 2 | കൈത്തറിസംഘം - തോടയിൽ റോഡ് മെറ്റലിംഗുംടാറിംഗും<br>കൺവീനർ- ബാലു .പി<br>(SOR2012) | 546 $m^2$<br>34/2014-15 | 1589<br>(10 ബാരൽ) | 60324/-<br>(@ 37/kg) | 12061/-<br>(1589 x 7.59) | 23/15-16 തീയതി 30-11-15 |
| 3 | വലിയകുളം - അറക്കൽ റോഡ് ടാറിംഗ്<br>കൺവീനർ-രതി | 508.56 $m^2$<br>25/15-16 | 1506<br>(10ബാരൽ) | 51000/-<br>(@31.30/ kg) | 64051/-<br>(1506 x 42.531) | 197432 തീയതി<br>01-02-16 |
| 4 | വല്യാറ -പൂനിലം റോഡ് മെറ്റലിംഗും ടാറിംഗും<br>കൺവീനർ - ശശിധരൻ | 444$m^2$<br>33/15-16 | 1315<br>(9 ബാരൽ) | 45574/-<br>(@31.30/ kg) | 55928/-<br>(1315 x 42.531) | 57/15-16 തീയതി 30-03-16 |
| 5 | കുഞ്ഞാലിക്കൽ- പരമ്പരപള്ളി റോഡ് മെറ്റലിംഗും ടാറിംഗും<br>കൺവീനർ- ഷാജി.കെ.പി | 630 $m^2$<br>18/15-16<br>18(a)/15-16 | 1865<br>(12 ബാരൽ) | 60766/-<br>(@31.30/ kg) | 79320/-<br>(1865 x 42.531) | 49/15-16 തീയതി 22-03-16 |
| 6 | SC ഓഡിറ്റോറിയംറോഡ് മെറ്റലിംഗും ടാറിംഗും<br>കൺവീനർ - മോഹനൻ | 372 $m^2$<br>10/15-16 | 1102<br>(7 ബാരൽ) | 38602/-<br>(@34/kg) | 43894/-<br>(1102 x 39.831) | 198523 തീയതി<br>19-03-16 |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഇല്ലിക്കൽ - പ്രതിഭ റോഡ് മെറ്റലിംഗും ടാറിംഗും<br>കൺവീനർ - പ്രശാന്ത് | 588 $m^2$<br>2 (a)/15-16 | 1741<br>(11 ബാരൽ) | 60660/-<br>(@34/kg) | 69345/-<br>(1741 x 39.831) | 198520 തീയതി<br>19-03-16 |
| 8 | NH – പള്ളിക്കീഴ് മന റോഡ് മെറ്റലിംഗും ടാറിംഗും<br>കൺവീനർ - മുരളീധരൻ | 433.34 $m^2$<br>34/15-16<br>34(a)/15-16 | 1283<br>(8 ബാരൽ) | 44116/-<br>(@34/kg) | 51103/-<br>(1283 x 39.831) | 199146 തീയതി<br>29-03-16 |
| 9 | കോളശ്ശേരി – മുട്ടപുറം റോഡ് മെറ്റലിംഗും ടാറിംഗും<br>കൺവീനർ - വാസു | 389.30 m2<br>44/15-16 | 1153<br>(8 ബാരൽ) | 44100/-<br>(@34/kg) | 45925/-<br>(1153 x 39.831) | 62/15-16 തീയതി 30-03-16 |
| 10 | ആലക്കാപറമ്പ് റോഡ് റീടാറിംഗ്<br>കൺവീനർ – രജിത്<br>SOR 2012 | 1139.38 $m^2$<br>33/2014-15<br>7.29 $m^3$ pot hole filling | 3230 kg<br>(20 ബാരൽ) | 120648/<br>(@37/kg) | 24515/-<br>(3230 x 7.59) | 197433 തീയതി- 01-02-16<br>19966/-രൂപ<br>197434 തീയതി- 01-02-16<br>165243/-രൂപ |
| 11 | പുതിയ നികർത്ത് റോഡ് ടാറിംഗ് | 480 $m^2$<br>15/2015-16 | 1420.8 kg<br>(9 ബാരൽ) | 49631/-<br>(34/kg) | 56592/-<br>(14208 x 39.831) | 198519/ 19-03-16<br>184184/-രൂപ |
| | | ആകെ | | | 575589/- | |

വിപണിയിലെ കുറഞ്ഞ വിലയിൽ കൺവീനർക്ക് ബിറ്റുമിൻ ലഭിച്ചതിന് ബിൽ ഹാജരാക്കിയിട്ടും ഉയർന്ന നിരക്ക് അനുവദിച്ചത് അധികച്ചെലവിനിടയാക്കി. അധികച്ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. അല്ലായെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

## 3-4 ഉയർന്ന നിരക്ക് അനുവദിച്ചതു വഴി നഷ്ടം - 1229/- രൂപ

130-ാം നമ്പർ അംഗൻവാടി 4 സെന്റ് കോളനി റോഡ് നിർമ്മാണം

പ്രോജക്ട് നമ്പർ - S0076/16

കൺവീനർ - സിദ്ധിക്ക്

അളവ് പുസ്തകം - 42/15-16

ചെലവ് വിവരം - ബിൽ നം. 57/15-16, തീയതി - 31-03-16, 334455/-രൂപ

പ്രസ്തുത പ്രവൃത്തിയിൽ DR Masonary 41.63 $m^3$ ചെയ്തതിന് 3210.52/$m^3$ നിരക്കിൽ കൺവീനർക്ക് തുക അനുവദിച്ചിട്ടുണ്ട്. ടിയിനത്തിന് തയ്യാറാക്കിയ നിരീക്ഷിക്കപ്പെട്ട ഡേറ്റാ അനുസരിച്ച് അനുവദനീയമായ നിരക്ക് 3181/$m^3$ ആണ്. എസ്റ്റിമേറ്റിലും മേൽ നിരക്കാണ് നൽകിയിരിക്കുന്നത്. ഉയർന്ന നിരക്ക് അനുവദിച്ചതു വഴി 1229/- രൂപ അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

നിരക്കിലെ വ്യത്യാസം - 3210.52 – 3181 = 29.52/$m^3$

അധികം നൽകിയ തുക - 41.63 x 29.52 = 1229/-

അധികം നൽകിയ തുക കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

## 3-5 ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയിൽ ക്ലിപ്തപ്പെടുത്തി നൽകിയില്ല

NH – പള്ളിക്കീഴ് മന റോഡ് മെറ്റലിംഗും ടാറിംഗും

പ്രോജക്ട് നമ്പർ - S0155/16

കൺവീനർ - മുരളീധരൻ

അളവ് പുസ്തകം - 34/15-16 , 34 a /15-16

ചെലവ് വിവരം - ഡി.ഡി നം. 199146, തീയതി - 29-03-16, 280250/-രൂപ

ടി പ്രവൃത്തിയുടെ ഗുണഭോക്തൃസമിതി അംഗീകരിച്ച കണക്കുകൾ പ്രകാരം ആകെ ചെലവ് 277066/- രൂപയാണ്. അളവ് പുസ്തകം അനുസരിച്ച് ചെയ്ത വേലയുടെ മൂല്യം 280250/- രൂപയാണ്. എഞ്ചിനിയർമാർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവർത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണോ കുറവ് അതാണ് ഗുണഭോക്തൃസമിതിക്ക് നൽകേണ്ടത്. ഇതനുസരിച്ച് കൺവീനർക്ക് നൽകേണ്ടത് 277066/- രൂപയാണ്. എന്നാൽ കൺവീനർക്ക് മേൽ ഡി.ഡി പ്രകാരം 280250/- രൂപയാണ് നൽകിയിരിക്കുന്നത്. അധികം നൽകിയത് 3184/- രൂപ. ടി തുക കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-6 IHDP കോളനി റോഡ് നിർമ്മാണം - പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്തില്ല.

പ്രോജക്ട് നമ്പർ - S0060/16

കൺവീനർ - ചന്ദ്രൻ

അളവ് പുസ്തകം - 47/15-16

ചെലവ് വിവരം - ബിൽ 70/15-16 ,തീയതി - 30-03-16, 460180/- രൂപ

IHDP കോളനി റോഡ് നിർമ്മാണം എന്ന പ്രവൃത്തിയിൽ ശരാശരി 1.50 മീറ്റർ താഴ്ചയിൽ ഫില്ലിംഗ് നടത്തിയതിന് ലെവൽസ് പ്രകാരം 435.988$m^3$ ഗ്രാവൽ ഉപയോഗിച്ചതിൽ നിന്നും കൺസോളിഡേഷന് 5% കുറവു വരുത്തി 414.19$m^3$ അളവിന് 891.18/$m^3$ നിരക്കിൽ കൺവീനർക്ക് തുക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് നിർമ്മാണ

പ്രവൃത്തിയിൽ 7.50 മീറ്റർ നീളത്തിൽ 600mm വ്യാസമുള്ള RCC പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്.(അളവു പുസ്തകം പേജ് 11 .12) ഫില്ലിംഗ് അളവിൽ നിന്നും പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്യാതിരുന്നതിനാൽ 1889/- രൂപ അധികം നൽകാനിടയായി.

പൈപ്പിന്റെ വ്യാപ്തം - 3.14 x 0.3 x 0.3 x 7.5 = 2.12 $m^3$

അധികം നൽകിയ തുക – 2.12 x 891.18/ $m^3$ =1889/-

ടി തുക കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-7 പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത കുളത്തിന് ചുറ്റുമതിൽ നിർമ്മിച്ചു.

വടേകുറ്റ് പൊതുകുളം സംരക്ഷണഭിത്തി നിർമ്മാണം

പ്രോജക്ട് നമ്പർ – S0063/16

കൺവീനർ – കമലാസനൻ

അളവു പുസ്തകം – 12a/15-16

ചെലവ് വിവരം – ബിൽ 21/15-16, തീയതി - 23-12-15, 153806/- രൂപ

ഉറവൂർ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന വടേകുറ്റ് പൊതുകുളത്തിന് ചുറ്റും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രോജക്ടാണിത്. 35 മീറ്റർ നീളത്തിൽ കുളത്തിന്റെ മൂന്ന് വശങ്ങളിൽ നിലവിലുള്ള കോൺക്രീറ്റ് ബേസിന് മുകളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ടി പ്രവൃത്തിക്കായി മേൽ ബിൽ പ്രകാരം 153806/- രൂപ ചെലവഴിച്ചിട്ടുണ്ട്.

വളമംഗലം തെക്ക് വടേക്കുറ്റ് ശ്രീഭഗവതി ക്ഷേത്രത്തിന്റെ മുൻവശം സ്ഥിതിചെയ്യുന്ന കുളം ക്ഷേത്രത്തിന്റെ ആവശ്യത്തിനും പൊതുജനങ്ങളുടെ ആവശ്യത്തിനുമായി കല്ലുകെട്ടി സംരക്ഷിക്കുന്നതിന് ക്ഷേത്ര ഭരണ സമിതിക്ക് എതിർപ്പില്ലെന്ന് ക്ഷേത്ര ഭരണസമിതിക്ക് വേണ്ടി സമ്മതിച്ചുകൊള്ളുന്നുവെന്നാണ് ക്ഷേത്രം സെക്രട്ടറി നൽകിയ സമ്മതപത്രം. ഇതിൽ നിന്നും ടി കുളം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതല്ലെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത കുളത്തിന് ചുറ്റുമതിൽ നിർമ്മിച്ചതിന് വികസനഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല. തുക തടസ്സപ്പെടുത്തുന്നു.

## 3-8 തനത് ഫണ്ട് വൗച്ചർ പരിശോധന – അപാകതകൾ

1. *പഞ്ചായത്ത് ഓഫീസ് നവീകരണ ഉത്ഘാടനം-സർക്കാർ ഉത്തരവുകൾ പാലിച്ചില്ല.*
   പഞ്ചായത്ത് ഓഫീസ് നവീകരണ ഉത്ഘാടനത്തോടനുബന്ധിച്ച് തനത് ഫണ്ടിൽ നിന്നും 60895/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ/ചെക്ക് നമ്പർ | തുക |
|---|---|
| 109/13-05-15 | 10800/- |
| 3059/15-05-15 | 12000/- |
| 127/23-05-15 | 38095 |
| ആകെ | 60895 |

എന്നാൽ ജി.ഓ.(ആർ.ടി)നം.3866/2015 പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങുകളിൽ തദ്ദേശസ്വയംഭരണസ്ഥാപങ്ങൾക്ക് പരമാവധി ചെലവഴിക്കാവുന്ന പരമാവധി തുക 25000/-രൂപയാണ്. പരിധി ലംഘിച്ച് ചെലവ് നടത്തിയത് ക്രമവിരുദ്ധമാണ്. ആയതിനാൽ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് മാത്രം ഇത്തരം പരിപാടികൾ നടത്തേണ്ടതാണ്.

2. *പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിക്കുന്നില്ല.*

   6/4/15ലെ വൗച്ചർ നം.17 പ്രകാരം മലയാള മനോരമ ദിനപത്രത്തിൽ വിൻഡോ പരസ്യം നൽകിയതിന് 11600/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ (ആർ.ടി)1/2011/പി.& ആർഡി പ്രകാരം 15% ഡിസ്കൗണ്ട് ലഭിക്കേണ്ടതാണ്. എന്നാൽ മേൽ പരസ്യത്തിന് ആയത് ലഭിച്ചതായി കാണുന്നില്ല. കൂടാതെ 21/08/04ലെ സർക്കുലർ നം. 7441/D1/04/I &PR പ്രകാരം പരസ്യങ്ങൾ വിൻഡോ രൂപത്തിലായിരിക്കണം. അതായത് മൂന്ന് സെന്റീമീറ്റർ X രണ്ട് കോളം രൂപത്തിലായിരിക്കണം ആയത് പാലിച്ചതായി കാണുന്നില്ല. സർക്കാർ ഉത്തരവുകൾ പാലിച്ചുക്കൊണ്ട് പരസ്യങ്ങൾ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

3. *വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.*

   20/04/2015ലെ 61-ാം നമ്പർ വൗച്ചർ പ്രകാരം 1,14,361/-രൂപ സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

4. *സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.*

   പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 1,35,625/- രൂപ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നുണ്ട്. പഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടുണ്ടോയെന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം നിർണ്ണയിക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തേണ്ടതാണ്.

5. *ഭക്ഷണചെലവ് - രേഖകൾ സുതാര്യമല്ല.*

   28/5/2015ലെ 128-ാം നമ്പർ വൗച്ചർ പ്രകാരം 47825/- രൂപ ദാമോദര ഹോട്ടലിന് നൽകിയിട്ടുണ്ട്. പാലീയേറ്റീവ് കെയർ പദ്ധതിയിൽ ഹോം കെയർ ടീം ഭക്ഷണത്തിന് ഹാജരാക്കിയ ബില്ലുകൾ ഹോട്ടൽ ദാമോദരയുടേതാണ്. 4.4.2014 മുതൽ 22.3.2016 വരെയുള്ള തീയതികളിൽ ഹാജരാക്കിയ ഹോട്ടൽ ബില്ലുകളുടെ ക്രമനം. 809മുതൽ 928 വരെ തുടർച്ചയായുള്ളതാണ്. എന്നാൽ 28/5/15ൽ ഈ സ്ഥാപനം നൽകിയ 1215ാം നമ്പരിലുള്ള ബില്ലാണ് 47825/-രൂപയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. 4.4.2014മുതൽ 22.3.2016 വരെ 809മുതൽ 928 യുള്ള ബില്ലുകൾ തുടർച്ചയായുള്ളവയാകുമ്പോൾ 28/5/15 ൽ നൽകിയ1215ാം ക്രമ നമ്പരുള്ള ബില്ലിന്റെ വിശ്വാസ്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ മേൽ ബില്ല് പ്രകാരമുള്ള തുക ഓഡിറ്റ് തടസ്സം ചെയ്യുന്നു.

6. *രേഖകൾ ഇല്ലാതെ വൗച്ചർ പാസ്സാക്കി.*

   1. 4.7.2015 ലെ 216-ാം നമ്പർ വൗച്ചർ പ്രകാരം 10000 വൃക്ഷതൈകൾ തിരുനെല്ലൂരിൽ നിന്ന് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ എത്തിച്ചതിന് 6600/-രൂപ വണ്ടിക്കൂലിയിനത്തിലും 3500/-രൂപ കയറ്റുകൂലിയിനത്തിലും ഉൾപ്പെടെ 10100/-രൂപ ചെലവഴിച്ചിട്ടുണ്ട്. ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ലത്തതിനാലും വൃക്ഷത്തൈകൾ വിതരണം നടത്തിയതിനോ, നട്ടതിനോ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ഇതിനായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.
   2. പഞ്ചായത്തിലെ 18 വാർഡുകളിലായി ഗ്രാമസഭ നടത്തിയതിന് 10.8.2015ലെ 322ാം നമ്പർ വൗച്ചർ പ്രകാരം 13500/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 6500/-രൂപയുടെ ചെലവുരേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി തുകയുടെ ചെലവുരേഖകൾ ഇല്ലാതെ വൗച്ചർ പാസ്സാക്കിയ നടപടി ക്രമപ്രകാരമല്ല.
   3. 10.8.2015ലെ 324-ാം വൗച്ചർ പ്രകാരം ചിസ്സ് പ്ലസ് ഹെൽത്ത് ഇൻഷ്വറൻസിന്റെ ഫോട്ടോയെടുപ്പുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഒരുക്കിയതിന് 20700/- രൂപ ചെലവഴി ച്ചിട്ടുണ്ട്. എന്നാൽ 14360/-രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി തുകയുടെ ചെലവുരേഖകൾ ഇല്ലാതെ വൗച്ചർ പാസ്സാക്കിയ നടപടി ശരിയല്ല.
   4. 2014-15 കാലയളവിൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ആയുർവേദ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. ഈ ക്യാമ്പുകളിലേക്ക് ആയുർവേദമരുന്നുകൾ എത്തിച്ചതിന് വണ്ടിക്കൂലിയിനത്തിൽ KL 32 G 4895 എന്ന വാഹനത്തിന്റെ ഡ്രൈവർക്ക് 10/4/2015ലെ വൗച്ചർ നം. 48പ്രകാരം 3800/-രൂപ നൽകി. ഈ വാഹനം എത്ര കിലോമീറ്റർ ഓടിയെന്നോ, കിലോമീറ്ററിന് എത്ര രൂപ വീതം നൽകിയെന്നോ വ്യക്തമാക്കിയിട്ടില്ല.

ടിപ്പ് ഷീറ്റ് ഇല്ലാതെ വൗച്ചർ പാസ്സാക്കിയ നടപടി ക്രമവിരുദ്ധമാണ്.

5. 20/4/2015ലെ വൗച്ചർ നം.60പ്രകാരം തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഹൗസ് വെരിഫിക്കേഷൻ നടത്തിയതിന് 21 പേർക്ക് 42000/-രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനതെരഞ്ഞെടുപ്പ് കമ്മീഷന്റെ 31500/-രൂപയും തനത് ഫണ്ടിൽ നിന്ന് 10500/-രൂപയും. ആയത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകൾ ഇല്ലാതെ വൗച്ചർ പാസ്സാക്കിയ നടപടി ശരിയല്ല

7. *സി.ഡി.എസ്സിലെ ക്രമക്കേടുമായി ബന്ധപ്പെട്ട കേസ്സിൽ തനത് ഫണ്ട് (400000/-) ജാമ്യതുകയായി മാറി.*

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ 550 ബി.പി.എൽ കുടുംബങ്ങൾക്ക് ഗ്യാസ് കണക്ഷൻ നൽകുന്നതിന് സി.ഡി.എസ് കുടുംബശ്രീ ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് 16,50,000/-രൂപ വായ്പയെടുത്തിട്ടുള്ളതാണ്. എന്നാൽ വായ്പാതുക പൂർണ്ണമായി തിരിച്ചടക്കാത്തതിനെ തുടർന്ന് ബാങ്ക് ഓഫ് ഇന്ത്യ ചേർത്തല സബ്ബ് കോടതിയെ സമീപിക്കുകയും കുടിശ്ശികതുകയായ 5,17,220/- രൂപയും പലിശയുമടക്കം 7,39,342/-രൂപ പഞ്ചായത്തിൽ നിന്ന് ഈടാക്കുന്നതിന് 7.8.2013ൽ അനുകൂലവിധി ലഭിച്ചിട്ടുള്ളതുമാണ്. സബ്ബ് കോടതിയിലെ ഒ.എസ്.211/2011ാം നമ്പർ വിധിക്കെതിരെ പഞ്ചായത്ത് ബഹു. ഹൈക്കോടതിയിൽ RFA95/14ാം നമ്പർ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതാണ്. ആയതിലേക്ക് 9/9/2015ലെ വൗച്ചർ നം 433 പ്രകാരം 41100/-രൂപ ബാക്കി 2/3ഭാഗം കോർട്ട് ഫീയിനത്തിൽ അടച്ചിട്ടുണ്ട് (1/3കോർട്ട് ഫീ തുകയായ 20551/- രൂപ 2014-15കാലയളവിൽ അടച്ചിട്ടുണ്ട്) ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 4,00,000/-രൂപ സെക്യൂരിറ്റി നിക്ഷേപമായി കെട്ടിവെയ്ക്കാൻ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശത്തെതുടർന്ന് തനത് ഫണ്ടിൽ നിന്നും 4,00,000/- രൂപ (വൗച്ചർ നം.783/6.1.2016) കാനറ ബാങ്കിന്റെ തുറവൂർ ശാഖയിൽ നിക്ഷേപിച്ച് ഒറിജിനൽ സർട്ടിഫിക്കറ്റ് ചേർത്തല സബ്ബ് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. കേസ്സ് തീർപ്പാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 ആശുപത്രിക്ക് മരുന്നുവാങ്ങൽ

നിർവ്വഹണം -മെഡിക്കൽ ഓഫീസർ (ആയുർവേദം)

ആശുപത്രിക്ക് മരുന്നുവാങ്ങൽ എന്ന പദ്ധതിയിൽ തുറവൂർ ആയുർവേദാശുപത്രിക്ക് 750000/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്ന് വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. 07.12.2015ൽ സ്റ്റോക്കിലെടുത്ത മുപ്പത് കിലോ മഹാരാസ്നാദി കഷായചൂർണ്ണം നാളിതുവരെയായി രോഗികൾക്ക് വിതരണം ചെയ്തതായി കാണുന്നില്ല. മരുന്നിന്റെ കാലാവധി കഴിയുന്നതിന് മുൻപ് വിതരണം ചെയ്യേണ്ടതാണ്.

മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധന

മുൻ വർഷങ്ങളിൽ (2012) ലഭിച്ച താഴെ പറയുന്ന മരുന്ന് ഗുണനിലവാരമില്ലാത്തതിന്റെ പേരിൽ ഔഷധിക്ക് തിരികെ നൽകിയിട്ടുണ്ട്. ആയതിന് പകരം തുല്യമായ അളവിൽ ഈ മരുന്നുകൾ ഔഷധിയിൽ നിന്ന് തിരികെ ലഭിച്ചിട്ടില്ല.

| മരുന്നിന്റെ പേര് | തിരികെ നൽകിയ മരുന്നിന്റെ അളവ് | മരുന്നിന്റെ വില | ആകെ |
|---|---|---|---|
| ദശമൂലകടുത്രയം | 20kg | 160/kg | 3200/- |

മരുന്ന് ലഭ്യമായതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 3-10 സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ രേഖകൾ ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2015-16 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹിച്ച പദ്ധതികളുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.


| ക്രമ നം | പ്രോജക്ടിന്റെ നം/ പേര് | ചെലവഴിച്ച തുക (രൂപ) | തുക കൈപ്പറ്റിയ സ്ഥാപനം | ലഭ്യമല്ലാത്ത രേഖകൾ |
|---|---|---|---|---|
| 1 | എസ്. 0092/16 ഷോപ്പിംഗ് കോംപ്ലക്സ് | 30,000/- ഡി.ഡി നം.839329 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | കെട്ടിടത്തിന് കുടിവെള്ള കണക്ഷൻ നല്കൽ | തീയതി. 03.08.2015 | | |
| 2 | എസ്.0181/16<br>ഐ.എ.വൈ ഭവന പദ്ധതി സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവ്. | 11,00,000/-<br>ഡി.ഡി നം.123145 തീയതി. 07.04.2016 | പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം |
| 3 | എസ്.0182/16<br>ഐ.എ.വൈ ഭവന പദ്ധതി സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവ്. | 17,00,000/-<br>ഡി.ഡി നം.123144 തീയതി. 07.04.2016 | പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം |
| 4 | എസ്.0171/16<br>പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ ഓഫീസുകൾക്ക് പ്രത്യേകം ഇലക്ട്രിക് മീറ്റർ സ്ഥാപിക്കൽ | 1,80,222/-<br>ഡി.ഡി.നം. 198060,198061 തീയതി. 02.03.2016 | പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷൻ | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| | ആകെ | 30,10,222/- | | |

രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-11 <u>വൈദ്യുതി ചാർജ് തെറ്റായി നിർണയിക്കുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് നഷ്ടം</u>

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തെരുവു വിളക്കുകളുടെ എണ്ണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കെ.എസ്.ഇ.ബി കുത്തിയതോട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് 03.09.2015-ലെ സി.3-7252/15 നമ്പറായി നല്കിയ കത്തിന് അദ്ദേഹം നല്കിയ മറുപടി കത്ത് (നം. BB/SL-TVR/2015-16/ 15/10-09-2015)ചുവടെ ചേർക്കുന്നു.



KERALA STATE ELECTRICITY BOARD LIMITED
OFFICE OF ASSISTANT ENGINEER
ELECTRICAL SECTION KUTHIATHODU
PH: 0478 2562259

No.BB/SL-TVR/2015-16/15/10-09-2015

The Secretary
Thuravoor Grama Panchayath


Sir,

Sub:- Details of Street lights under Cosumer No.1188

Ref:- Your letter No. C-3-7252/15/3-9-2015

With reference to the above, the type, number and tariff details of Street light under Con. No.1188 is furnished below

| SL NO. | TYPE OF LAMP | WATTS | NUMBER | RATE (12 hrs burning) | AMOUNT | UNIIT (12 hrs burning) |
|---|---|---|---|---|---|---|
| | Bulb | 60 | 427 | 94 | 40138 | 9224 |
| | Fluo Tube (Double) | 2 x 40 | 233 | 124 | 28892 | 6710 |
| | Fluo Tube (Single) | 40 | 74 | 61 | 4514 | 1066 |
| | Sodium Lamp | 250 | 14 | 414 | 5796 | 1260 |
| | M V Lamp | 250 | 2 | 414 | 828 | 180 |
| | TOTAL | | | | 80168 | 18440 |


| TOTAL | | | 80168 | 18440 |
|---|---|---|---|---|

Yours faithfully,

ASSISTANT ENGINEER

മേൽ കത്തിലെ ക്രമ നം.1 പ്രകാരം ഗ്രാമ പഞ്ചായത്തിൽ 427 സാധാരണ ബൾബ് ഇപ്പോഴും ഉപയോഗിച്ച് വരുന്നതായി പറഞ്ഞിരിക്കുന്നു. ഗ്രാമ പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പേജ് നം. 60 പ്രകാരം 27.03.2013-ൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിൽ ഉൾപ്പെടുത്തി 676 സി.എഫ്.എൽ-ഉം തൻവർഷം (പ്രോജക്ട് നം. എസ്0089/16) 300 സി.എഫ്.എൽ-ഉം (സ്റ്റോക്ക് രജിസ്റ്റർ പേജ് നം.96) വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളിലെല്ലാം തന്നെ 60 വാട്സിന്റെ ബൾബുകൾക്ക് പകരമായി സി.എഫ്.ലാമ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്നുള്ളത് ഇതിൽ നിന്നും മനസിലാക്കാവുന്നതാണ്. സ്ട്രീറ്റ് ലൈറ്റ് സംബന്ധിച്ച സംയുക്ത പരിശോധന നാളിതുവരെയായും നടത്തിയിട്ടില്ലാത്തതിനാൽ ബൾബുകൾക്ക് പകരമായി സ്ഥാപിച്ചിട്ടുള്ള സി.എഫ്.എൽ-ന്റെ വിവരം കണക്കിലെടുക്കാതെ ബൾബ് എന്ന നിലയിലാണ് കെ.എസ്.ഇ.ബി ഇപ്പോഴും കറന്റ് ചാർജ് ഈടാക്കി വരുന്നത്.

വൈദ്യുതി ചാർജ് നിർണയിച്ചുകൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള 14-08-2014-ലെ OP 9 of 2014 നമ്പർ ഉത്തരവ് പ്രകാരമാണ് വൈദ്യുതി ബോർഡ് നിലവിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് നിർണയിക്കുന്നത്. ആയത് പ്രകാരം 60 വാട്സിന്റെ ഒരു ബൾബിന് നല്കേണ്ടുന്ന വൈദ്യുതി ചാർജ് പ്രതിമാസം 94/- രൂപയും 22 വാട്സിന്റെ സി.എഫ്.എൽ- ന് നല്കേണ്ടുന്ന വൈദ്യുതി ചാർജ് പ്രതിമാസം 14/- രൂപയും ആണ്. ഗ്രാമപഞ്ചായത്തിൽ സാധാരണ ബൾബുകളൊന്നും തന്നെ ഉപയോഗിക്കാത്ത സാഹചര്യത്തിലും സാധാരണ ബൾബിന് നല്കേണ്ടുന്ന വൈദ്യുതി ചാർജ് ഈടാക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിന് തൻവർഷം 409920/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നം | വൈദ്യുതി ചാർജ് നല്കിയ വൗച്ചർ നം തീയതി | ബൾബുകൾക്ക് നല്കിയ വൈദ്യുതി ചാർജ് (427എണ്ണത്തിന് 94/- രൂപ നിരക്കിൽ) | സി.എഫ്.എൽ-ന് നല്കേണ്ടുന്ന വൈദ്യുതി ചാർജ് (427 എണ്ണത്തിന് 14/- രൂപ നിരക്കിൽ) | അധിക ചെലവ് |
|---|---|---|---|---|
| 1 | 21500016/ 6.4.2015 | 40138 | 5978 | 34160 |
| 2 | 21500087/ 4.5.2015 | 40138 | 5978 | 34160 |
| 3 | 21500151/ 1.6.2015 | 40138 | 5978 | 34160 |
| 4 | 21500209/ 1.7.2015 | 40138 | 5978 | 34160 |
| 5 | 21500303/ 4.8.2015 | 40138 | 5978 | 34160 |
| 6 | 21500412/ 1.9.2015 | 40138 | 5978 | 34160 |
| 7 | 21500498/ 1.10.2015 | 40138 | 5978 | 34160 |
| 8 | 21500606/ 3.11.2015 | 40138 | 5978 | 34160 |
| 9 | 21500670/ 1.12.2015 | 40138 | 5978 | 34160 |
| 10 | 21500751/ 1.1.2016 | 40138 | 5978 | 34160 |
| 11 | 21500840/ 1.2.2016 | 40138 | 5978 | 34160 |

| | | | | |
|---|---|---|---|---|
| 12 | 21500934/ 1.3.2016 | 40138 | 5978 | 34160 |
| | ആകെ | 481656 | 71736 | 409920 |

വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം വൈദ്യുതി ബോർഡിൽ നിന്നും ഈടാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയില്ല- അധികച്ചെലവ്.

തദ്ദേശ സ്വയംഭരണ(ഡി.സി) വകുപ്പിന്റെ 21.01.2006-ലെ 9541/ഡി.പി.1/05/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലർ പരിഷ്കരിച്ച് കൊണ്ട് 07.07.2010-ൽ പുറപ്പെടുവിച്ച 43742/ഡി.സി.3/ 2010/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ സർക്കുലർ തീയതി മുതൽ ആറ് മാസത്തിനകം മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം മീറ്ററിംഗ് സംവിധാനത്തിനു വേണ്ട ചെലവിന്റെ 50 ശതമാനം വൈദ്യുതി ബോർഡ് വഹിക്കുന്നതാണെന്നും അറിയിച്ചിരുന്നു. ചുറവൂർ ഗ്രാമപഞ്ചായത്ത് നാളിതുവരെയായിട്ടും തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. തന്മൂലം വൈദ്യുതി ബോർഡ് ഏകപക്ഷീയമായി നിർണയിക്കുന്ന വൈദ്യുതി ചാർജ്ജ് അടച്ചു പോരുകയാണ് ചെയ്യുന്നത്. വൈദ്യുതി ബോർഡ് ലഭ്യമാക്കിയ കണക്ക് പ്രകാരം മീറ്ററിംഗ് സമ്പ്രദായം ഇല്ലാത്ത750 സ്ട്രീറ്റ് ലൈറ്റുകളാണ് ഗ്രാമ പഞ്ചായത്തിലുള്ളത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈറ്റ്- ഇനം | പവർ | ആകെ ലൈറ്റുകളുടെ എണ്ണം | ആകെ പവർ (3X4) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | Bulb | 60W | 427 | 25620 |
| 2 | Fluo Tube (double) | 2X40W | 233 | 18640 |
| 3 | Fluo Tube (single) | 40W | 74 | 2960 |
| 4 | Sodium Lamp | 250W | 14 | 3500 |
| 5 | M V Lamp | 250W | 2 | 500 |
| | | | 750 | 51220 |

ഇത്രയും ലൈറ്റുകൾ ദിവസവും 12 മണിക്കൂർ വച്ച് ഒരു മാസം പ്രവർത്തിക്കുകയാണെങ്കിൽ ആകെ 18440 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കപ്പെടുന്നതാണ് *(1 യൂണിറ്റ് വൈദ്യുതി = 1000 വാട്ടുള്ള ഒരു ഉപകരണം 1മണിക്കൂർ പ്രവർത്തിക്കുന്നതിന് വേണ്ട ഊർജം).* പഞ്ചായത്തിന്റെ ആകെ വൈദ്യുതി ഉപഭോഗം (51220 X 12 X 30) / 1000 = 18439.2 ക്രമീകരിച്ചാൽ 18440 യൂണിറ്റ്)

വൈദ്യുതി ചാർജ് നിർണയിച്ചുകൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള 14-08-2014-ലെ OP 9 of 2014 നമ്പർ ഉത്തരവ് പ്രകാരമാണ് വൈദ്യുതി ബോർഡ് നിലവിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് നിർണയിക്കുന്നത്. ആയത് പ്രകാരം ചുറവൂർ ഗ്രാമ പഞ്ചായത്തിലെ തെരുവു വിളക്കുകൾക്ക് നല്കേണ്ടുന്ന വൈദ്യുതി ചാർജിന്റെ വിവരം ചുവടെചേർക്കുന്നു.

| ക്രമ നം | ലൈറ്റ്- ഇനം | പവർ | ആകെ ലൈറ്റുകളുടെ എണ്ണം | പ്രതിമാസ വൈദ്യുത നിരക്ക് | ആകെ ചാർജ് |
|---|---|---|---|---|---|
| 1 | Bulb | 60W | 427 | 94 | 40138 |
| 2 | Fluo Tube (double) | 2X40W | 233 | 124 | 28892 |
| 3 | Fluo Tube (single) | 40W | 74 | 61 | 4514 |
| 4 | Sodium Lamp | 250W | 14 | 414 | 5796 |
| 5 | M V Lamp | 250W | 2 | 414 | 828 |
| | | ആകെ | | | 80168 |

മീറ്റർ ഘടിപ്പിച്ച തെരുവു വിളക്കിന്റെ ഒരു യൂണിറ്റ് വൈദ്യുതിയുടെ നിരക്ക് മുകളിൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം

3.60 രൂപയാണ്. തുറവൂർ ഗ്രാമ പഞ്ചായത്തിലെ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിരുന്നെങ്കിൽ പ്രതിമാസം അടയ്ക്കേണ്ടി വരുമായിരുന്ന വൈദ്യുതി ചാർജ് 66384/-രൂപ (18840 യൂണിറ്റ് X 3.60 രൂപ) ആയിരുന്നു. തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താതിരുന്നതു മൂലം 2015-16 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് 1,65,408/-രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൈദ്യുതി ചാർജ് നല്കിയ വൗച്ചർ നം, തീയതി | അൺമീറ്റേഡ് സ്ട്രീറ്റ് ലൈറ്റിന് ഗ്രാമ പഞ്ചായത്ത് നല്കി വരുന്ന വൈദ്യുതി ചാർജ് | മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിരുന്നെങ്കിൽ നല്കേണ്ടുന്ന വൈദ്യുതി ചാർജ് | അധിക ച്ചെലവ് |
|---|---|---|---|---|
| 1 | 21500016/ 6.4.2015 | 80168 | 66384 | 13784 |
| 2 | 21500087/ 4.5.2015 | 80168 | 66384 | 13784 |
| 3 | 21500151/ 1.6.2015 | 80168 | 66384 | 13784 |
| 4 | 21500209/ 1.7.2015 | 80168 | 66384 | 13784 |
| 5 | 21500303/ 4.8.2015 | 80168 | 66384 | 13784 |
| 6 | 21500412/ 1.9.2015 | 80168 | 66384 | 13784 |
| 7 | 21500498/ 1.10.2015 | 80168 | 66384 | 13784 |
| 8 | 21500606/ 3.11.2015 | 80168 | 66384 | 13784 |
| 9 | 21500670/ 1.12.2015 | 80168 | 66384 | 13784 |
| 10 | 21500751/ 1.1.2016 | 80168 | 66384 | 13784 |
| 11 | 21500840/ 1.2.2016 | 80168 | 66384 | 13784 |
| 12 | 21500934/ 1.3.2016 | 80168 | 66384 | 13784 |
| | ആകെ | 962016 | 796608 | 165408 |

തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തി ഈയിനത്തിലുള്ള അധികച്ചെലവ് അടിയന്തിരമായി നിയന്ത്രിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. നീക്കിയിരിപ്പിൽ വ്യത്യാസം
   എ) സമ്പൂർണ ശുചിത്വത്തിനായിട്ടുള്ള ബാങ്ക് ഓഫ് ഇന്ത്യയിലെ അക്കൗണ്ട്. (അക്കൗണ്ട് നം - 9004)
   31-03-16 ലെ നീക്കിയിരിപ്പ് 26344/- രൂപയുണ്ട് . എന്നാൽ അക്കൗണ്ട്സിൽ നീക്കിയിരിപ്പ് ഇല്ല എന്നാണ് കാണിച്ചിരിക്കുന്നത്. റിക്കൺസിലിയേഷൻ സ്റ്റേറ്റ് മെന്റിൽ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ഇല്ല എന്നാണ് കാണിച്ചിരിക്കുന്നത്.
   ബി) തനത് ഫണ്ട് - ബാങ്ക് ഓഫ് ഇന്ത്യ ( അക്കൗണ്ട് നം - 6250)
   31-03-16 -ലെ നീക്കിയിരിപ്പായി 938/- രൂപയാണ് ബാങ്ക് ബുക്കിലും അക്കൗണ്ട്സിലും കാണിച്ചിരിക്കുന്നത്. ടി തുകയിൽ 930/- രൂപ ചെക്ക് ഡെപ്പോസിറ്റ് ചെയ്തത് കളക്ഷൻ വരാത്തത് എന്നാണ് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്നത്. എന്നാൽ ഇതിൽ 830/-രൂപ കാനറ ബാങ്ക് (അക്കൗണ്ട് നം - 10335) അക്കൗണ്ടിൽ 04-02-16 ലും 100/- രൂപ കാനറ ബാങ്കിലെ ദുരിതാശ്വാസ നിധി അക്കൗണ്ടിൽ 10-12-15 ലും വരവുണ്ട്. ബാങ്ക് ഓഫ് ഇന്ത്യ (അക്കൗണ്ട് നം - 6250) അക്കൗണ്ടിലെ യഥാർത്ഥ നീക്കിയിരിപ്പ് 8.80 /- രൂപ മാത്രമാണ്.
   സി) 31-03-16 ലെ കയ്യിരിപ്പ് പണം കാഷ്ബുക്ക് പ്രകാരവും അക്കൗണ്ട്സിലും 286393/- രൂപ എന്നാണ് കാണിച്ചിരിക്കുന്നത്.
   ഇത് 31-03-16 ലെ വരവ് തുകയാണ്. ടി തുകയിൽ നിന്നും 285420/-രൂപ അന്നേ ദിവസം തന്നെ അക്കൗണ്ട് നം - 10335 -ൽ അടവ് വരുത്തിയിട്ടുള്ളതാണ്. അതിനാൽ യഥാർത്ഥത്തിൽ വരുന്ന നീക്കിയിരിപ്പ് 973/- രൂപ മാത്രമാണ്.
2. റോഡ് കട്ടിംഗ് ചാർജ്ജായി ലഭിച്ച 12,16,800/- രൂപ other deposit എന്ന ശീർഷകത്തിലാണ് അക്കൗണ്ട്സിൽ കാണിച്ചിരിക്കുന്നത് (RP-34). പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം റോഡ് കട്ടിംഗ് ചാർജ്ജായി അടവാക്കിയ തുക തിരിച്ച കൊടുക്കേണ്ടാത്തതിനാൽ ആയത് ഡെപ്പോസിറ്റ് അല്ല.
3. അക്കൗണ്ട്സിൽ (RP-7) ബി ഫണ്ടിനത്തിൽ ആയുർവേദത്തിന് 12362/- രൂപയാണ് വരവായി കാണിച്ചിരിക്കുന്നത്. എന്നാൽ ACR അനുസരിച്ച് വരവ് 11362/- രൂപ മാത്രമാണ്.
4. തൊഴിലുറപ്പുപദ്ധതിക്കായി EFMS വഴി ചെലവഴിച്ച് 395.24 ലക്ഷം രൂപ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 49960/- രൂപ 2016-17 വർഷത്തേക്കുള്ള അഡ്വാൻസായി വരവ് കാണിച്ചിട്ടുണ്ടെങ്കിലും 38280/- രൂപ മാത്രമാണ് അഡ്വാൻസ് കളക്ഷനായി RP- 36 ലും B-9 ലും കാണിച്ചിരിക്കുന്നത്.
6. തൊഴിൽ നികുതിയിലെ കുടിശ്ശിക 460970/- രൂപയാണെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും Schedule B-15 ൽ 18216/- രൂപ മാത്രമാണ് കാണിച്ചിരിക്കുന്നത്.
7. കെട്ടിട വാടക കുടിശ്ശികയുള്ളതായി രജിസ്റ്ററിൽ കാണിച്ചിട്ടില്ല. എന്നാൽ Schedule B-15 ൽ 18000/- രൂപ പിരിഞ്ഞ് കിട്ടാനുള്ളതായി കാണിച്ചിരിക്കുന്നു.
8. ആസ്തികളുടെ വിവരം പൂർണമായും ഉൾപ്പെടുത്തിയിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയർ തുടങ്ങിയപ്പോൾ മുതൽക്കുള്ള ആസ്തികളുടെ വിവരം മാത്രമാണ് അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
9. ഡി. സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം പിരിഞ്ഞുകിട്ടേണ്ട കെട്ടിട നികുതി ലൈബ്രറിസെസ് അടക്കം തന്നാണ് 929970/-രൂപയും കുടിശ്ശിക 334532/- രൂപയും ആണ്. എന്നാൽ Schedule B-15 ൽ ഇവ യഥാക്രമം 1096281/- രൂപയും 993246/- രൂപയും മാത്രമാണ് കാണിച്ചിരിക്കുന്നത്.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,67,700 | ശാരീരിക മാനസിക വെല്ലുവിളി – സ്കോളർഷിപ്പ് | 1,67,700 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | | 3,42,700 | ശാരീരിക മാനസിക വെല്ലുവിളി – സ്കോളർഷിപ്പ് | 3,42,700 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | സ.ഉ (സാ) 747/2010/ തസ്വ.ഭ.വ<br>തീയതി - 05-03-10 | 17120000 | 4154318 | 4154318 | ---- | 0 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 400000 |
| ആകെ | 400000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 400000 |

സബ്ബ് കോടതിയിലെ ഒ.എസ്. 211/2011-ാം നമ്പർ വിധിക്കെതിരെ പഞ്ചായത്ത് ബഹു. ഹൈക്കോടതിയിൽ RFA95/14-ാം നമ്പർ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതാണ്. 4,00,000/- രൂപ സെക്യൂരിറ്റി നിക്ഷേപമായി കെട്ടിവെയ്ക്കാൻ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശത്തെ തുടർന്ന് തനത് ഫണ്ടിൽ നിന്നും 4,00,000/- രൂപ (വൗച്ചർ നം. 783/6.1.2016) കാനറ ബാങ്കിന്റെ തുറവൂർ ശാഖയിൽ നിക്ഷേപിച്ച് ഒറിജിനൽ സർട്ടിഫിക്കറ്റ് ചേർത്തല സബ്ബ് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല .

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 45246736 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 62988245 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 58802 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3797542 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-7 | 200 | | കെ. എസ്. ലാൽജി, സെക്രട്ടറി |

| | | | |
|---|---|---|---|
| 2-8 എ | 1500 | | |
| 3-1 | | 19500 | ഡോ. നീനാ ചന്ദ്രൻ, മെഡിക്കൽ ഓഫീസർ |
| 3-2 | | 33000 | ദിലീഷ്. എൻ. സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 1229 | |
| 3-5 | | 3184 | |
| 3-6 | | 1889 | |
| ആകെ | | 58802 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 575589 | ദിലീഷ്. എൻ. സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 153806 | |
| 3-8 (5) | 47825 | പി. വി. മണിയപ്പൻ, സെക്രട്ടറി |
| 3-8 (6) (1) | 10000 | |
| 3-10 | 3010222 | കെ. എസ്. ലാൽജി, സെക്രട്ടറി |
| ആകെ | 3797542 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.വി മണിയപ്പൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് | പുത്തൻതറ,<br>എഴുപുന്ന തെക്ക് പി.ഒ, ചേർത്തല |
| ദിലീഷ്. എൻ.ഡി.<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ,<br>LSGD, തുറവൂർ | നടുവിലത്തറ,<br>കുമ്പളങ്ങി സൗത്ത്, കൊച്ചി-7,<br>എറണാകുളം |
| ഡോ. നീന ചന്ദ്രൻ,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>PHC, തുറവൂർ | കവിത,<br>തുറവൂർ.പി.ഒ, ചേർത്തല |
| കെ. എസ്. ലാൽജി, സെക്രട്ടറി | വിരമിച്ചു | കാട്ടുങ്കൽ ഹൗസ്,<br>തുമ്പോളി. പി. ഒ, കൊമ്മാടി. ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ. എഫ്.ജി.എ 5-1832/11, തീയതി – 17-01-12 |
| 2000-01 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | എൽ. എഫ്.ജി.എ 5- 1577/13, തീയതി – 05-05-14 |

| | |
|---|---|
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11 & 2011-12 | എൽ. എഫ്.എ- പി 2 -123/12, തീയതി - 30-04-13 |
| 2012-13 | എൽ. എഫ്.എ പി 2 -1038/14, തീയതി - 03-08-14/29-11-14 |
| 2013-14 & 2014-15 | കെ.എസ്.എ-എ.എൽ.പി-പി 2-88/2016, തീയതി – 17-02-16 |

ഡെപ്യൂട്ടി ഡയറക്ടർ

നം.കെ.എസ്.എ.-എ.എൽ.പി-പി2-22/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglflapy@gmail.com

തീയതി: 17.01.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാന്റേഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 4-1 ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-ALP-P2-22/17

Kerala State Audit Department,
District Audit Office,
Alappuzha.
E-mail – ddhglfalpy@gmail.com
Date: 17.01.2017

## ***AUDIT CERTIFICATE***

Certified that I have audited the Annual Financial Statement of ***Thuravoor*** Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of ***Thuravoor*** Gramapanchayat for the year 2015-16 except the observations Para 4-1, in my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha